(ബി) മെഡിക്കൽ കൗൺസിൽ അംഗീകാരമുള്ള എം.ഡി., എം.എസ്. കോഴ്സുകൾ നടത്തുന്ന മെഡിക്കൽ കോളേജുകളിൽ ഡി.ഐ.പി.എൻ.ബി. കോഴ്സുകൾ നടത്തേണ്ടതില്ല എന്ന് നാഷണൽ ബോർഡ് തീരുമാനിക്കുകയും അതനുസരിച്ച് പട്ടികയിൽനിന്നും മെഡിക്കൽ കോളേജുകളെ ഒഴിവാക്കുകയും ചെയ്തു. ഇത് സംബന്ധിച്ച് നാഷണൽ ബോർഡിൽനിന്നും വീണ്ടും അംഗീകാരം ലഭിച്ചാൽ മാത്രമേ കോഴ്സ് അനുവദിക്കുവാൻ സാധിക്കുകയുള്ളൂ.

(സി) ഇതിനായി സംസ്ഥാന സർക്കാർ ഇപ്പോൾ തുക അടയ്ക്കേണ്ടതില്ല. നാഷണൽ ബോർഡിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റികൂടി തീരുമാനം അറിയിച്ചതിനു ശേഷം ആവശ്യമായ നടപടികൾ സ്വീകരിച്ചാൽ മതിയാകും.

(ഡി) ഏകദേശം 150-ഓളം ഡോക്ടർമാർക്ക് അവസരം നഷ്ടമാകും.

(ഇ ആന്റ് എഫ്) ഡി.ഐ.പി.എൻ.ബി. പരിശീലനം പൂർണ്ണമായും നിർത്തിയാൽ ഭാവിയിൽ രോഗികൾക്കുണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് ഈ വർഷം തന്നെ സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ഡി.ഐ.പി.എൻ.ബി. കോഴ്സ് തുടങ്ങുന്നതിനുവേണ്ടി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

വണ്ടാനം മെഡിക്കൽ കോളേജ് ബ്ലോക്കുകൾ പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി

128 [953] ശ്രീ. ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴയിലെ വണ്ടാനം മെഡിക്കൽ കോളേജിനോടനുബന്ധിച്ചുള്ള ആശുപത്രി സമുച്ചയത്തിൽ എത്ര ബ്ലോക്കുകളുടെ പണി പൂർത്തിയായിട്ടുണ്ട് എന്നും ഇതിന് എന്ത് ചെലവുവന്നുവെന്നും വ്യക്തമാക്കാമോ;

(ബി) ആലപ്പുഴ പട്ടണത്തിൽ പ്രവർത്തിക്കുന്ന ആശുപത്രിയിൽ നിന്നും വണ്ടാനത്തേക്ക് ഏതെല്ലാം വിഭാഗങ്ങളാണ് മാറ്റാനുദ്ദേശിക്കുന്നത് എന്ന് പറയുമോ;

(സി) ഈ മാറ്റം എന്നത്തേക്ക് നടപ്പാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) എ ആന്റ് ബി ബ്ലോക്കുകളുടെ പണി പൂർത്തിയായിക്കഴിഞ്ഞു. ഈ ബ്ലോക്കുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് മാത്രമായി 6.50 കോടി രൂപ ചെലവായതായി കണക്കാക്കുന്നു.

(ബി) കുട്ടികളുടെ മെഡിസിൻ, സർജറി വിഭാഗങ്ങളാണ് ഇപ്പോൾ മാറ്റുവാൻ ഉദ്ദേശിക്കുന്നത്.

(സി) മൂന്നു മാസത്തിനുള്ളിൽ ഈ രണ്ട് വിഭാഗങ്ങളും വണ്ടാനത്തേക്ക് മാറ്റാൻ സാധിക്കുമെന്ന് കരുതുന്നു.

LIBRARY ARCHIVES Kerala Legislative Assembly